# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2722 | 10/12/2014 -ൽ മറുപടിക്ക്

# വൈപ്പിൻ മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എസ്.ശർമ്മ | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | ജിഡ ഫണ്ട് ഉപയോഗിച്ച് വൈപ്പിൻ മണ്ഡലത്തിൽ നടന്നുവരുന്ന ശുദ്ധജല വിതരണ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ജിഡ ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം പഞ്ചായത്തുകളിലെ ശുദ്ധജലവിതരണ പദ്ധതി 2015 മെയ് മാസത്തോടെയും കടമക്കുടി പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതി 2015 ഏപ്രിൽ മാസത്തോടെയും പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ, ജിഡ ഫിഷറീസ് ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന വൈപ്പിൻ ദ്വീപിലെ എടവനക്കാട്, കുഴുപ്പിള്ളി പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ശുദ്ധജലവിതരണ വിപുലീകരണ പദ്ധതി 31/12/2014-ൽ പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യുന്നതിനും ലക്ഷ്യമിടുന്നു. |
| (ബി) | വിതരണ ശൃംഖല പൈപ്പുകൾ പൂർണ്ണമായും സ്ഥാപിച്ചുകഴിഞ്ഞുവോ യെന്നും, ഇനിയും പൂർത്തീകരിക്കാനുണ്ടെങ്കിൽ ഏതെല്ലാം പഞ്ചായത്തുകളിലെന്നും വിശദീകരിക്കാമോ; | (ബി) | വൈപ്പിൻ ദ്വീപിലെ എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം പഞ്ചായത്തുകളിലേക്ക് മാത്രമാണ് വിതരണ ശൃംഖല സ്ഥാപിക്കുന്ന ജോലികൾക്ക് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ 11 സബ്-സോണുകൾ ഉള്ളതിൽ വളപ്പ് മുതൽ ഞാറയ്ക്കൽ ആശുപത്രിപ്പടി വരെ, വൈപ്പിൻ -പള്ളിപ്പുറം റോഡിന്റെ പടിഞ്ഞാറുഭാഗത്തു വരുന്ന സോൺ-2 എ യിൽ 20% ജോലികൾ പൂർത്തീകരിക്കുവാനുണ്ട്. |

(സി) വിതരണ ശൃംഖല പൈപ്പുകളുടെ മെയിന്റനൻസ് ചുമതല ഇപ്പോൾ ആർക്കാണെന്ന് വ്യക്തമാക്കാമോ;

(ഡി) വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷന്റെ മേൽ നോട്ടത്തിൽ ഇപ്പോൾ നടന്നു വരുന്ന പ്രവൃത്തികളിൽ സംഭവിക്കുന്ന ലീക്കേജ്, മറ്റ് മെയിന്റനൻസ് പ്രവൃത്തികൾ എന്നിവ പൂർത്തീകരിക്കുന്നതിനുള്ള ചുമതല ആർക്കെന്ന് വ്യക്തമാക്കാമോ?

(സി) & (ഡി) പൈപ്പുലൈനുകൾ സ്ഥാപിക്കൽ പൂർത്തീകരിച്ചുകഴിഞ്ഞ്, 18 മാസത്തെ അറ്റകുറ്റപ്പണികൾ എഗ്രിമെന്റ് പ്രകാരം കരാറുകാരന്റെ ചുമതലയിലാണ് നടത്തപ്പെടുന്നത്. അറ്റകുറ്റപ്പണികൾ പെരുമ്പാവൂർ പ്രോജക്റ്റ് ഡിവിഷൻ ഓഫീസിന്റെ മേൽനോട്ടത്തിൽ നടത്തിവരുന്നു. 18 മാസത്തെ ഗ്യാരണ്ടി പീരീഡ് കഴിഞ്ഞ മേഖലയിലെ വിതരണശൃംഖലയുടെ അറ്റകുറ്റപ്പണിയുടെ ചുമതല ബന്ധപ്പെട്ട വാട്ടർ സപ്ലൈ ഡിവിഷനാണ്.

സെക്ഷൻ ഓഫീസർ